(ജി) കേന്ദ്ര/സംസ്ഥാന സഹായത്തോടുകൂടി പുതിയ സബ്ജയിലുകളുടെ നിർമ്മാണം, നിലവിലുള്ള ജയിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ജയിൽ ജീവനക്കാരുടെ പാർപ്പിട സൗകര്യം, ജയിലുകളിലെ ശുദ്ധജല വിതരണവും സാനിട്ടേഷൻ സൗകര്യവും വർദ്ധിപ്പിക്കൽ, ജയിലുകളിൽ വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കൽ, ജയിലിലെ തടവുകാരുടെ തൊഴിൽ പരിശീലനം, ജയിൽ സുരക്ഷാക്രമീകരണങ്ങൾ എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

കണ്ണൂർ ജയിലിൽ നിന്ന് വിയ്യൂർ ജയിലിലേക്ക് തടവുകാരെ മാറ്റിയ സംഭവം

82 [1658] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് 9 ജീവപര്യന്ത തടവുകാരെ ഹാബിച്ച്വൽ ക്രിമിനൽസിനെ തടവിലിടുന്ന വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കേരള ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ നടപടി പുനഃപരിശോധിക്കുമോ;

(സി) പ്രസ്തുത തടവുകാരെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് തിരികെ മാറ്റുന്നില്ലായെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടവുകാരെ മാറ്റിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടല്ല.

(സി) ടി തടവുകാരെ വീണ്ടും കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നത് ജയിലിലെ സുരക്ഷിതത്വത്തിന് ഹാനികരമാണ്.

ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി

83 [1659] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ തടവുകാരുടെ ശിക്ഷ ഇളവ് ചെയ്യുന്നതിനായി ജയിൽ ഉപദേശക സമിതി നൽകിയ നിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തടവുകാർക്ക് കഴിഞ്ഞവർഷം ഇളവുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഈ നിർദ്ദേശങ്ങൾ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly